കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പ് - ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രസ്സ് മേക്കിംഗ്, ഫാഷൻ ഡിസൈൻ ടെക്നോളജി) - കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് ബിരുദം യോഗ്യതയായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (സാധാ) നം. 1316/2017/തൊഴിൽ തിരുവനന്തപുരം, തീയതി 07/10/2017

---

പരാമർശം - 1. ശ്രീമതി. ലക്ഷ്മി.ജി. നൽകിയ നിവേദനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ 14/06/2017 ലെ എഫ് 1/12833/2017 നമ്പർ കത്ത്.

## ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലെ ഡ്രസ്സ് മേക്കിംഗ്, ഫാഷൻ ഡിസൈൻ ടെക്നോളജി എന്നീ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് കൂടി പരിഗണിക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് പരാമർശത്തിലെ നിവേദനപ്രകാരം സർക്കാരിന് അപേക്ഷ ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലെ ഡ്രസ്സ് മേക്കിംഗ് ട്രേഡിലേയും, ഫാഷൻ ഡിസൈൻ ടെക്നോളജി ട്രേഡിലേയും നിലവിലുള്ള സിലബസ്സും, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗിന്റെ പൂർണ്ണരൂപത്തിലുള്ള സിലബസ്സും വിശദമായ താരതമ്യം നടത്തിയ വ്യാവസായിക പരിശീലന വകുപ്പിലെ കമ്മിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് എന്ന കോഴ്സ് ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലെ ഡ്രസ്സ് മേക്കിംഗ്, ഫാഷൻ ഡിസൈൻ ടെക്നോളജി എന്നീ ട്രേഡിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ നിയമനയോഗ്യതയായി പരിഗണിക്കാവുന്നതാണ് എന്ന് പരാമർശം 2 പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യാവസായിക പരിശീലന വകുപ്പിനു കീഴിലുള്ള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലെ ഡ്രസ്സ് മേക്കിംഗ്, ഫാഷൻ ഡിസൈൻ ടെക്നോളജി എന്നീ ട്രേഡുകളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ

(---2)

നിയമനത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് ബിരുദം കൂടി യോഗ്യതയായി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ. താരാദേവി,
ജോയിന്റ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
ലക്ഷ്മി.ജി, രേവതി, ഇരവിപുരം നഗർ-45, ഇരവിപുരം-പി.ഒ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വേണ്ടി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu
സെക്ഷൻ ഓഫീസർ.